ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ KLS/8409/2025-KLIBF (Vol. II)

തിരുവനന്തപുരം,
13.11.2025.

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ സമുച്ചയത്തിൽ 2026 ജനവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവുമായി ബന്ധപ്പെട്ട്, ഉള്ളടക്കം ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഫുഡ് കോർട്ടുകൾ, ഐസ്ക്രീം പാർലർ എന്നിവ നടത്തുന്നതിന് താത്പര്യമുള്ളതും ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനുള്ളതുമായ ഹോട്ടൽ/റെസ്റ്റോറന്റ്/ഐസ്ക്രീം പാർലർ ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ 04.12.2025-ന് വൈകീട്ട് 3.00 മണിക്ക് മുമ്പായി കൺവീനർ & അഡീഷണൽ സെക്രട്ടറി, അക്കോമഡേഷൻ, ട്രാൻസ്പോർട്ടേഷൻ & ഫുഡ് കമ്മിറ്റി, നിയമസഭാ സെക്രട്ടേറിയറ്റ് എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകീട്ട് 3.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. 04.12.2025 അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകീട്ട് 3.00 മണി വരെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകീട്ട് 3.30 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത്- **"അന്താരാഷ്ട്ര പുസ്തകോത്സവം - ഫുഡ് കോർട്ട്, ഐസ്ക്രീം പാർലർ നടത്തുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടേറിയറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കൺവീനറെ ബന്ധപ്പെടേണ്ടതാണ്.

കെ. ജി. ശ്രീദീപ്,
കൺവീനർ & അഡീഷണൽ സെക്രട്ടറി,
അക്കോമഡേഷൻ, ട്രാൻസ്പോർട്ടേഷൻ & ഫുഡ് കമ്മിറ്റി
ഫോൺ നമ്പർ: 0471-2512193, 7736022917

# വ്യവസ്ഥകൾ

1. ഫുഡ്കോർട്ടിന്റെ പ്രവർത്തനം എല്ലാ ദിവസവും രാവിലെ 09.00 മുതൽ രാത്രി 09.00 മണി വരെയായിരിക്കും.
2. ഫുഡ്കോർട്ടിന്റെ ഏഴ് ദിവസത്തെ വാടക ₹25,000/-+ GST ആയി നിശ്ചയിച്ചിരിക്കുന്നു.
3. ഏഴ് ദിവസത്തെ വാടകയായ ₹25,000/- രൂപയും GST-യും **2026 ജനുവരി 03-നകം** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം ബ്രാഞ്ചിൽ ഫിനാൻസ് ഓഫീസർ, കേരള നിയമസഭാ സെക്രട്ടേറിയറ്റ് (അക്കൗണ്ട് നം. 67279812893, IFS Code - SBIN0070028) എന്ന അക്കൗണ്ടിലേയ്ക്ക് മുൻകൂറായി അടച്ച് രസീത് ഹാജരാക്കേണ്ടതാണ്.
4. ഭക്ഷണസാധനങ്ങളുടെ വിലവിവരപ്പട്ടിക മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ്.
5. ഫുഡ് കോർട്ടുകളിൽ ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക വ്യക്തമായി പ്രദർശിപ്പിക്കേണ്ടതും, ക്വാട്ട് ചെയ്ത തുകയിൽ കൂടുതൽ തുക ഈടാക്കാൻ പാടില്ലാത്തതുമാണ്.
6. തിരക്ക് കൂടുന്നതിനനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ അളവിലോ ഗുണനിലവാരത്തിലോ വ്യത്യാസമുണ്ടാകാൻ പാടുള്ളതല്ല.
7. ഫുഡ് സേഫ്റ്റി അതോറിറ്റി നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതോടൊപ്പംതന്നെ ഗുണനിലവാരമുള്ളതും രുചികരവുമായ ഭക്ഷണ സാധനങ്ങൾ വിൽക്കേണ്ടതാണ്.
8. ഫുഡ്കോർട്ടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും 2-3 മണിക്കൂർ ഇടവിട്ട് ഭക്ഷണാവശിഷ്ടങ്ങൾ പൂർണ്ണമായി നീക്കം ചെയ്യേണ്ടതും സമയാസമയങ്ങളിൽ ടേബിളുകൾ വൃത്തിയാക്കേണ്ടതും ഫുഡ്കോർട്ട് ജീവനക്കാർ Gloves, Cap മുതലായവ ധരിക്കേണ്ടതുമാണ്. ഇവ പാലിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുന്നതാണ്.
9. ഫുഡ് കോർട്ടുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും നിയമസഭാ സമുച്ചയത്തിൽ നിന്നും നീക്കം ചെയ്യേണ്ടതും ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതുമാണ്.
10. Common Dining Area യിലെ ഫുഡ് വേസ്റ്റ് ക്ലിയറൻസ് & ഡിസ്പോസൽ ഓരോ ദിവസം വീതം ഓരോ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്.
11. മുൻകൂർ ആവശ്യപ്പെടുന്ന മുറയ്ക്ക്, പരിപാടിയുമായി ബന്ധപ്പെട്ട് രാത്രി വൈകിയും ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാരും വളണ്ടിയർമാരും കലാകാരൻമാരും ഉൾപ്പെടെയുള്ള ഉദ്ദേശം 1200 പേർക്ക് രാത്രി ഭക്ഷണം പാഴ്സലിൽ ലഭ്യമാക്കേണ്ടതാണ്.
12. കൗണ്ടറുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ ഇലക്ട്രിക് പോയിന്റുകൾ രേഖപ്പെടുത്തേണ്ടതും Freezer ഉപയോഗിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.
13. ഫുഡ്കോർട്ടിലേക്ക് എൽ.പി.ജി., മറ്റ് ഇന്ധനങ്ങൾ എന്നിവ ആവശ്യമായതിലുമധികം അളവിൽ ശേഖരിച്ചുവെക്കുവാൻ പാടില്ല.
14. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ലഭ്യമാക്കുന്ന സാധന സാമഗ്രികൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന് കരാറുകാരൻ പൂർണ്ണമായും ഉത്തരവാദിയായിരിക്കുന്നതും നഷ്ടപരിഹാര തുക ഈ സെക്രട്ടേറിയറ്റിലേക്ക് അടക്കേണ്ടതുമാണ്.
15. എൽ.പി.ജി., വൈദ്യുതി എന്നിവയുടെ ഉപഭോഗത്തിൽ ആവശ്യമായ മുൻകരുതലുകളും സുരക്ഷയും ഉറപ്പാക്കേണ്ടതാണ്.
16. പരിപാടിയുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

*****

## വ്യവസ്ഥകൾ

1. ഐസ്ക്രീം പാർലറിന്റെ പ്രവർത്തനം എല്ലാ ദിവസവും രാവിലെ 09.00 മുതൽ രാത്രി 09.00 മണി വരെയായിരിക്കും.
2. ഐസ്ക്രീം പാർലറിന്റെ ഏഴ് ദിവസത്തെ വാടക ₹25,000/-+ GST ആയി നിശ്ചയിച്ചിരിക്കുന്നു.
3. ഏഴ് ദിവസത്തെ വാടകയായ ₹ 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം)ഉം GST-യും **2026 ജനുവരി 03-നകം** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം ബ്രാഞ്ചിൽ ഫിനാൻസ് ഓഫീസർ, കേരള നിയമസഭാ സെക്രട്ടേറിയറ്റ് (അക്കൗണ്ട് നം. 67279812893, IFS Code - SBIN0070028) എന്ന അക്കൗണ്ടിലേയ്ക്ക് മുൻകൂറായി അടച്ച് രസീത് ഹാജരാക്കേണ്ടതാണ്.
4. വിവിധയിനം ഐസ്ക്രീമുകളുടെ വിലവിവരപ്പട്ടിക മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ്.
5. ഫുഡ് കോർട്ടുകളിൽ ഐസ്ക്രീമുകളുടെ വിലവിവരപ്പട്ടിക വ്യക്തമായി പ്രദർശിപ്പിക്കേണ്ടതും, ക്വാട്ട് ചെയ്ത തുകയിൽ കൂടുതൽ തുക ഈടാക്കാൻ പാടില്ലാത്തതുമാണ്.
6. ഫുഡ് സേഫ്റ്റി അതോറിറ്റി നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.
7. പാർലറും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും 2-3 മണിക്കൂർ ഇടവിട്ട് ഭക്ഷണാവശിഷ്ടങ്ങൾ പൂർണ്ണമായി നീക്കം ചെയ്യേണ്ടതും സമയാസമയയങ്ങളിൽ ടേബിളുകൾ വൃത്തിയാക്കേണ്ടതും ഫുഡ്കോർട്ട് ജീവനക്കാർ Gloves, Cap മുതലായവ ധരിക്കേണ്ടതുമാണ്. ഇവ പാലിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുന്നതാണ്.
8. ഐസ്ക്രീം പാർലറുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും നിയമസഭാ സമുച്ചയത്തിൽ നിന്നും നീക്കം ചെയ്യേണ്ടതും ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതുമാണ്.
9. Common Dining Area യിലെ ഫുഡ് വേസ്റ്റ് ക്ലിയറൻസ് & ഡിസ്പോസൽ ഓരോ ദിവസം വീതം ഓരോ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്.
10. കൗണ്ടറുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ ഇലക്ട്രിക് പോയിന്റുകൾ രേഖപ്പെടുത്തേണ്ടതും Freezer ഉപയോഗിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.
11. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ലഭ്യമാക്കുന്ന സാധന സാമഗ്രികൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന് കരാറുകാരൻ പൂർണ്ണമായും ഉത്തരവാദിയായിരിക്കുന്നതും നഷ്ടപരിഹാര തുക ഈ സെക്രട്ടേറിയറ്റിലേക്ക് അടക്കേണ്ടതുമാണ്.
12. വൈദ്യുതിയുടെ ഉപഭോഗത്തിൽ ആവശ്യമായ മുൻകരുതലുകളും സുരക്ഷയും ഉറപ്പാക്കേണ്ടതാണ്.
13. പരിപാടിയുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

*****